**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2853** **18.08.2017 ൽ മറുപടിയ്ക്ക്**

## കൈയ്യേറിയ തോട്ട ഭൂമികൾ വീണ്ടെടുക്കുന്നതിന് നിയമനിർമ്മാണം

**ചോദ്യം**

**ശ്രീ.അബ്ദുൾ ഹമീദ് പി.**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | അനധികൃത കൈയ്യേറ്റങ്ങളിലൂടെ സ്വന്തമാക്കിയ തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് കമ്പനികളും സ്ഥാപനങ്ങളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമ വകുപ്പിൽ നിന്നും സ്പെഷ്യൽ സെക്രട്ടറിയായ വിരമിച്ച ശ്രീ.പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തി 22/5/2017-ലെ G.O(Rt)2332/2017/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി വീണ്ടെടുക്കുന്നതിന് നിലവിലെ നിയമതടസ്സം വ്യക്തമാക്കുമോ; | (ബി)M/s. മലയാളം പ്ലാന്റേഷൻ (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനിയും ഇവരിൽ നിന്ന് ഭൂമി വാങ്ങിയ കമ്പനികളും കൈവശം വയ്ക്കുന്ന 38170.92 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ & കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള 18 നടപടിക്രമങ്ങൾക്കെതിരെ എച്ച്.എം.എൽ കമ്പനിയും മറ്റ് കക്ഷികളും ഫയൽ ചെയ്ത W.P(C)7711/2013, 33122/2014, 5510/2015 10320/15 തുടങ്ങിയ വിവിധ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25/11/2015-ൽ റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി കേസുകൾ ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്. M/s. മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ബഹു.ഹൈക്കോടതി, സുപ്രീംകോടതി, വിവിധ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളായ ലാന്റ് ട്രിബ്യൂണൽ, താലൂക്ക് ലാന്റ് ബോർഡ് തുടങ്ങിയ അധികാര സ്ഥാപനങ്ങളിൽ നിന്നും അനുകൂല വിധിന്യായങ്ങളും നേടിയിട്ടുള്ളത് പരിഗണിച്ചാണ് ടി റിട്ടുകളിൽ അന്തിമ തീരുമാനമെടുക്കുന്നതിന് ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തിട്ടുള്ളത്. ടി കേസുകളിൽ തൽസ്ഥിതി തുടരുവാൻ ഉത്തരവുള്ളതിനാൽ ബഹു. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

| | | |
|---|---|---|
| (സി) | പ്രസ്തുത രീതിയിൽ അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി നാളിതുവരെ വീണ്ടെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) M/s. മലയാളം പ്ലാന്റേഷന് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 72827.67 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയിതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്ത്കൊണ്ട് ആകെ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ കോടതിയിൽ ഫയൽ ചെയ്ത കേസുകൾ ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ